LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാന്യനായ ശ്രീ. വി.പി. സിംഗ് നമ്മുടെ പ്രധാനമന്ത്രിയായിരുന്ന ഘട്ടത്തിലാണ് നാളികേരം എണ്ണക്കുരുവായിട്ട് പ്രഖ്യാപിച്ചത്. പക്ഷേ ഇത് ഒരു വൃക്ഷവിളയായതുകൊണ്ട് യഥാർത്ഥ എണ്ണക്കുരുക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ വൃക്ഷവിള എന്ന നിലയ്ക്ക് നാളികേരത്തിന് ലഭ്യമാകുന്നതിന് പ്രയാസങ്ങളുണ്ട്. പക്ഷേ അതിനെ തുടർന്നാണ് ഇപ്പോൾ നാളികേര വികസന ബോർഡ് വർഷം തോറും നമുക്ക് 8 കോടി രൂപ നാളികേര കൃഷിയുടെ സംരക്ഷണത്തിനു വേണ്ടി നൽകിവരുന്നത്. അന്ന് ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റ് നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിച്ചതിനെ തുടർന്നാണിത്.

ശ്രീ. ജോണി നെല്ലൂർ : നാളികേരത്തിന്റെ താങ്ങുവില സംബന്ധിച്ച് മന്ത്രി നൽകിയ ഉത്തരവുമായി ബന്ധപ്പെട്ടുതന്നെ ഇപ്പോൾ കേരളത്തിൽ വ്യാപകമായി ബാധിച്ചിരിക്കുന്ന മണ്ഡരി രോഗത്തെ തടയുവാൻ നമ്മുടെ ഗവൺമെന്റ് ഏതാണ്ട് 19 കോടി രൂപ ചെലവഴിച്ചതായി മന്ത്രിയുടെ ഉത്തരത്തിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഈ കാര്യത്തെ സംബന്ധിച്ച് നാളിതുവരെ ഏതെല്ലാം ജില്ലകളിൽ എത്ര തുക ചെലവഴിച്ചു; നാളികേരക്കൃഷിക്കാരെ സംരക്ഷിക്കുവാൻ വേണ്ടി ഓരോ ജില്ലയിലും ഗവൺമെന്റ് ചെലവഴിച്ച തുക എത്ര; എത്ര തെങ്ങുകൾക്ക് മരുന്ന് തളിച്ചു എന്നുള്ള കാര്യം വെളിപ്പെടുത്താൻ കഴിയുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : എന്റെ കൈയിൽ അതിന്റെ ഉത്തരം ഇല്ല. പ്രത്യേക ചോദ്യം തന്നാൽ ബഹു. മെമ്പർക്ക് മറുപടി കൊടുക്കാം. അല്ലെങ്കിൽ ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ തന്നെ മെമ്പർക്ക് കൃത്യമായിട്ട് ജില്ല തിരിച്ചുള്ള കണക്ക് നൽകാം.

3 (*63) കർഷക രക്ഷാ പദ്ധതി

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കൃഷിക്കാർക്കായുള്ള കർഷകരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) കർഷകരക്ഷാ പദ്ധതിയിൽ അംഗമാകുന്നതിന് നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്ത് കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷിനടത്തുന്ന കർഷകർക്ക് പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(എഫ്) കർഷകരക്ഷാ പദ്ധതിയിൽ അംഗമാകുന്നവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ജി) ഈ പദ്ധതിയിൽ അംഗമാകുന്നവർക്കുള്ള പ്രീമിയം എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 10 ലക്ഷം ചെറുകിട നാമമാത്രമായ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അപകടംമൂലം സംഭവിക്കുന്ന മരണത്തിനും അംഗവൈകല്യത്തിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(സി) കൃഷി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 10 സെന്റു മുതൽ 5 ഏക്കർ വരെ കൃഷിഭൂമി കൈവശമുള്ള കൃഷിക്കാരൻ, കുറഞ്ഞത് ഒരു വർഷത്തേക്ക് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കൃഷിക്കാരൻ എന്നിവർക്ക് ഈ പദ്ധതിയിൽ അംഗമാകാം. ഒരു കുടുംബത്തിലെ ഒരംഗത്തിനു മാത്രമായിരിക്കും അംഗത്വം. 1.6.1999-ൽ 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 70 വയസ്സ് കഴിയാൻ പാടില്ലാത്തതുമാണ്.

(ഡി) ഉണ്ട്.

(ഇ) ഒരു വർഷമോ അതിൽ കൂടുതലോ കാലയളവിലേയ്ക്ക് കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകനായിരിക്കണം.

(എഫ്) കർഷക രക്ഷാ പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1.	എല്ലാവിധ അപകട മരണം	– ഒരു ലക്ഷം രൂ.
2.	പൂർണ്ണമായ അംഗവൈകല്യം	– ഒരു ലക്ഷം രൂ.
3.	രണ്ടു കണ്ണുകൾ/കാലുകൾ/ കൈകൾ നഷ്ടം	– ഒരു ലക്ഷം രൂ.
4.	ഒരു കണ്ണ്/കാല്/കൈ നഷ്ടം	– 50000 രൂ.
5.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	– 5000 രൂ. വീതം
6.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ 2 പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം	– 5000 രൂ. വീതം
7.	അപകടത്തിൽ മരണപ്പെടുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം	– 1000 രൂ.
8.	മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാര ച്ചടങ്ങിന് ധനസഹായം	– 1000 രൂ.
9.	ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷച്ചെലവിന് ധനസഹായം	– 5000 രൂ.

(ജി) ഒരു കർഷകന് 10 രൂപ എന്ന നിരക്കിലാണ് വാർഷിക പ്രീമിയം. ഈ തുക കർഷകനുവേണ്ടി സർക്കാർ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : കഴിഞ്ഞ ഗവൺമെന്റ് കേരളത്തിലെ കൃഷിക്കാർക്ക് ഏതെങ്കിലും പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഈ ഗവൺമെന്റ് എന്നു മുതലാണ് കർഷക രക്ഷാ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു പറയുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കഴിഞ്ഞ ഗവൺമെന്റ് കൃഷിക്കാർക്കു വേണ്ടി പെൻഷൻ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. 1999 ഒക്ടോബർ മാസം മുതൽ ആണ് ഇതിന്റെ ആനുകൂല്യങ്ങൾ ഇതിൽ അംഗമാകുന്ന കർഷകർക്ക് ലഭ്യമാക്കുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : കർഷക രക്ഷാ പദ്ധതിയനുസരിച്ച് ഇപ്പോൾ ഒരു കുടുംബത്തിൽ ഒരു കർഷകന് മാത്രമേ അംഗമാകാൻ കഴിയൂ. കുടുംബത്തിലെ മുഴുവൻ കർഷകർക്കും അംഗത്വം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ കൃഷിക്കാരുടെ വീട്ടിലെ ഒരംഗത്തെയാണ് കർഷക രക്ഷാ പദ്ധതിയുടെ ഭാഗമായി കൊണ്ടുവരാൻ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം ഗവൺമെന്റ് പരിശോധിക്കാം. എങ്ങനെയാണ് സാദ്ധ്യമാകുക എന്നതിനെ സംബന്ധിച്ച അതിന്റെ എല്ലാ വശങ്ങളും പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ കുട്ടികൾക്കുള്ള വിദ്യാഭ്യാസത്തിനുവേണ്ടി 5000 രൂപയും പെൺകുട്ടികളുടെ വിവാഹത്തിന് 5000 രൂപയും നൽകുന്ന ഏർപ്പാട് നല്ല കാര്യമാണ്. എന്നാൽ അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന്റെ പൂർണ്ണമായ ചെലവ് വഹിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അത് ഈ പദ്ധതിയിലുൾപ്പെടുത്തുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികളുടെ വിദ്യാഭ്യാസത്തിന് 5000 രൂപാവീതം നൽകുമെന്നുള്ളതാണ് അതിലുൾപ്പെടുത്തിയിട്ടുള്ളത്. ഇനി ഇതിനകത്ത് മാറ്റംവരുത്താൻ കഴിയുകയില്ല. ഇൻഷ്വറൻസ് കമ്പനികൾ സ്വകാര്യവൽക്കരിക്കുന്നതിന് മുമ്പുള്ള ഒരു ഘട്ടത്തിലാണ് ഈ സ്കീം കൊണ്ടുവന്നത്. ഇപ്പോൾ അതിന്റെ നടപടികൾ സ്വീകരിച്ചുകഴിഞ്ഞപ്പോൾ ഇതിൽനിന്ന് പിൻമാറുന്നതിനാണ് പല കമ്പനികളും താൽപര്യം കാണിക്കുന്നത്. അതിന്റെ പ്രയാസംകൂടിയുണ്ട്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : കർഷകരുടെ രക്ഷയെന്നുപറയുന്നത് കൃഷിയുടെ രക്ഷയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കുളനട ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പാങ്ങോട് പാടശേഖരങ്ങളിൽ കൃഷി വകുപ്പിന്റെ ഉപദേശപ്രകാരം "രമ്യ" എന്ന ഒരു പുതിയ നെൽവിത്ത് കൃഷി ചെയ്യുകയുണ്ടായി. നെൽച്ചെടികളുടെ വേരുകൾ ചീഞ്ഞ് കൃഷി മുഴുവൻ നശിക്കുകയും അങ്ങനെ കൃഷിക്കാർ പരിരക്ഷ കിട്ടാതെ കഷ്ടപ്പെടുകയുമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കു നിവേദനം നൽകിയിട്ടുണ്ട്. അവർക്ക് ഉടനടി നഷ്ടപരിഹാരം നൽകാനുള്ള ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇത് ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്ന പ്രശ്നമില്ല. പക്ഷേ കൃഷിക്കുണ്ടായ നാശനഷ്ടമായതുകൊണ്ട് പ്രത്യേകം പരിശോധിക്കാൻ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : കർഷകരക്ഷാ പദ്ധതിയിൽ, കൃഷിക്കാർക്കു വരുന്ന അപകടങ്ങൾ സംബന്ധിച്ചാണ് പറയുന്നത്. അതോടൊപ്പം കാലവർഷക്കെടുതിയുടെ ഭാഗമായിട്ട്, കൃഷിക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കർഷകരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ ഇതിനകത്ത് വേറെ പദ്ധതികളൊന്നും ഉൾപ്പെടുത്താൻ കഴിയുകയില്ല. എന്നാൽ നെൽകൃഷിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഒരു പുതിയ ഇൻഷ്വറൻസ് പദ്ധതിയുണ്ട്. അതിൽ കേരളം അംഗമായിട്ടുണ്ട്. ആ പദ്ധതിയുടെ ഭാഗമായിട്ട് കർഷകന് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള നടപടികളുമുണ്ട്.

ശ്രീ. വി.കെ. ചന്ദ്രൻ : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൃഷിക്കാർക്കുവേണ്ടി ആയിരം രൂപ പ്രീമിയം അടച്ച് ഒരു പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ആ പദ്ധതിയും ഈ കർഷക രക്ഷാ പദ്ധതിയും തമ്മിലുള്ള വ്യത്യാസമെന്താണ്? കർഷക രക്ഷാ പദ്ധതിയിൽ അന്ന് അംഗങ്ങളായിട്ടുള്ള ആളുകളെക്കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 18 വയസ്സ് പൂർത്തിയായിട്ടുള്ള ചെറുപ്പക്കാരായ, ഒരു ലക്ഷംപേരെ ഒരു പ്രത്യേക പദ്ധതിയിൽകൊണ്ടുവന്ന് അവർക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ ആയിരം രൂപ പെൻഷനും ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളും കൊടുക്കുന്നതിനുവേണ്ടിയാണ് ആ പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. ആ പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി മുന്നോട്ടുവന്നാൽ വായ്പ സംഘടിപ്പിച്ചു കൊടുക്കുന്നതിന് സംവിധാനമുണ്ട്. അങ്ങനെ മുന്നോട്ടുവരുന്ന ചെറുപ്പക്കാർക്ക് വായ്പ സംഘടിപ്പിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഇത് കർഷകർക്കുണ്ടാകുന്ന എല്ലാവിധ അപകടങ്ങൾക്കും അപകടമരണമുണ്ടാകുന്ന കർഷകന്റെ കുടുംബത്തിനുമുള്ള സഹായത്തിനു വേണ്ടിയുള്ള ഒരു രക്ഷാപദ്ധതിയാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സംസ്ഥാനത്തിലെ ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസം നൽകാനുള്ള കർഷകരക്ഷാ പദ്ധതിയിൽ പത്തു ലക്ഷം പേരെ ഉൾപ്പെടുത്താനാണ് ആഗ്രഹിക്കുന്നതെന്ന് സൂചിപ്പിച്ചു. ഒരു പഞ്ചായത്തിൽ ആയിരം പേർ വരും. നമ്മുടെ സംസ്ഥാനത്ത് ഈ പദ്ധതിയിലുൾപ്പെടുത്താൻ അർഹതയുള്ളവർ മുഴുവനും എത്ര കർഷകരുണ്ടെന്നുള്ള കണക്കുണ്ടോ? അഥവാ അവർ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പത്ത് സെന്റ് മുതൽ 5 ഏക്കർവരെയുള്ള പരിധിയിൽ ഏകദേശം പത്തുലക്ഷം കർഷകരെ നമ്മുടെ സംസ്ഥാനത്തുണ്ടാവുകയുള്ളുവെന്നാണ് കണക്കുകൾ പറയുന്നത്. ഇതെല്ലാം പൂർണ്ണമായിക്കഴിഞ്ഞാൽ അർഹതപ്പെട്ടവർ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ആ കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : എല്ലാ വിളകളേയും ഈ പദ്ധതിയിലുൾപ്പെടുത്താൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമ്മുടെ സംസ്ഥാനത്തിലെ മിക്കവാറും വിളകൾ ഈ പദ്ധതിയുടെ പരിധിയിൽവരുന്നുണ്ട്. ഏതെങ്കിലും

ഒരുപ്രത്യേക വിള ഇതിൽപ്പെടാതെ പോയിട്ടുണ്ടെങ്കിൽ അതും പരിശോധിക്കാം.

ശ്രീ. പി.ജെ. ജോയി : ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പെൻഷൻ പദ്ധതിയും ഏർപ്പെടുത്തിയിട്ടില്ലെന്ന്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആയിരക്കണക്കിന് വരുന്ന യുവ കർഷകരിൽനിന്നും ആയിരം രൂപാവീതം കളക്ടുചെയ്ത് (യുവജനകർഷർക്ക് അവർ 18 വയസ്സ് കഴിഞ്ഞാൽ അംഗമായി ചേരാം). 60 വയസ്സ് കഴിഞ്ഞാൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഒരു തീരുമാനമുണ്ടായി. അതു നടപ്പിൽ വന്നു. അതിന്റെ സ്ഥിതിയെന്തായി; അത് ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആ പണം തിരിച്ചുകൊടുക്കാനെങ്കിലും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? ഇതിനു മുമ്പ് ശ്രീ. മുരളിയും ശ്രീ. ഫ്രാൻസിസും ഈ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളതാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ പറഞ്ഞത് കൃഷിക്കാരനെന്നുപറഞ്ഞാൽ നേരിട്ട് കൃഷിയിടവുമായി ബന്ധമുള്ളവനെയാണ്. ഇവിടെ ഒരുലക്ഷം ചെറുപ്പക്കാരെ ഈ സ്കീമിൽപ്പെടുത്തിയിട്ടുണ്ട്. അവരുടെ കൈയിൽനിന്ന് ആയിരം രൂപയും വാങ്ങിയിട്ടുണ്ട്. ഈ ആയിരം രൂപ വാങ്ങിയിട്ട് 42 വർഷം കഴിയുമ്പോൾ അവർക്ക് പ്രതിമാസം ആയിരം രൂപ പെൻഷൻ കൊടുക്കണം. 60 വയസ്സ് തികയുന്ന അന്ന് 60,000 രൂപ ഗ്രാറ്റുവിറ്റി കൊടുക്കും. പ്രതിമാസം ആയിരം രൂപവരെ പെൻഷൻ കൊടുക്കണം. ഈ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഇനി വിദഗ്ദ്ധമായ ഒരു പരിശോധന നടത്തും. സംഭരിച്ച ഫണ്ട് മുഴുവൻ, അഞ്ചു വർഷം കൂടുമ്പോൾ ഇരട്ടിക്കുന്ന സ്കീമിൽ നിക്ഷേപിച്ചാൽപോലും ഇത് സാദ്ധ്യമല്ല. അതുകൊണ്ട് ഈ സ്കീമിൽ അംഗമായിട്ടുള്ളവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി തയ്യാറായി വരുന്നവർക്ക് വായ്പ സംഘടിപ്പിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. അത് ഈ പദ്ധതിയുടെ ഒരു ഭാഗമാണ്. അതിന് തയ്യാറായി വരുന്ന, ഈ സ്കീമിൽ അംഗങ്ങളായിട്ടുള്ള, ചെറുപ്പക്കാർക്ക് അതു ചെയ്യുന്നതിന് തയ്യാറാണ്.

ശ്രീ. എ. കണാരൻ : കർഷകരക്ഷാ പദ്ധതി ഏറ്റവും സ്വാഗതാർഹമായ ഒരു പദ്ധതിയാണ്. അതേയവസരത്തിൽ കൃഷിക്കാരുമായി ബന്ധപ്പെട്ട ഒരു വിഭാഗമുണ്ട്. ഒരു നാണയത്തിന്റെ രണ്ടുവശം; ചെറുകിട ഇടത്തരം കൃഷിയുമായി ബന്ധപ്പെട്ട് ഭൂമിയിൽ അദ്ധ്വാനിച്ച് കാർഷികോൽപ്പന്നങ്ങൾ വർദ്ധിപ്പിച്ച് നാണ്യവിളവുണ്ടാക്കിത്തരുന്ന ഒരു വലിയ വിഭാഗമുണ്ട്. ആ വിഭാഗത്തെക്കൂടി ഇതിൽ ഉൾപ്പെടുത്തിക്കൂടേ? കർഷകത്തൊഴിലാളി വിഭാഗത്തേയുംകൂടി ഇതിലുൾപ്പെടുത്തിക്കഴിഞ്ഞാൽ അത് ഒരു മഹത്തരമായ കാര്യമായിത്തീരും. അതുകൊണ്ട് അങ്ങ് അതിനെക്കുറിച്ച് ഉത്സാഹിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അവർക്ക് ഇപ്പോൾത്തന്നെ മറ്റു ക്ഷേമപദ്ധതിയും പെൻഷൻ പദ്ധതിയുമുണ്ട്. ഒരു ക്ഷേമനിധിയുമില്ലാത്ത കൃഷിക്കാർക്കുവേണ്ടി കൊണ്ടുവന്ന ഒരു പദ്ധതിയാണിത്.

ശ്രീ. കെ.എ. ചന്ദ്രൻ : മുൻ ഗവൺമെന്റ് നടപ്പിലാക്കാൻ ശ്രമിച്ച തൊഴിൽദാന ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് കോടിക്കണക്കിന് രൂപയാണ് സംഭരിച്ചിട്ടുള്ളത്. ഒരു ഗവൺമെന്റ് ഒരു പദ്ധതി പ്രഖ്യാപിച്ചുകഴിഞ്ഞാൽ തുടർ ഗവൺമെന്റ് അത് നടപ്പിലാക്കാൻ ബാദ്ധ്യതയുള്ളതാണ്. ഈ സംഖ്യ എത്രയാണെന്നും ആ സംഖ്യ എങ്ങനെ വിനിയോഗിക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അതുസംബന്ധിച്ച മൊത്തം കണക്ക് എന്റെ കൈവശമില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് പിന്നീടുതരാം. ആ ഫണ്ട് മുഴുവൻ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അത് അവിടെയുണ്ട്. അനാവശ്യമായിട്ടൊന്നും എടുത്തിട്ടില്ല. ചെലവാക്കിയിട്ടുമില്ല. ചെറുപ്പക്കാർ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഒരു സ്വയംതൊഴിലിനുവേണ്ടി പ്രോജക്ട് തയ്യാറാക്കിവന്നാൽ തീർച്ചയായിട്ടും അവർക്ക് ബാങ്കുകളിൽനിന്നും വായ്പ സംഘടിപ്പിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കാർഷിക മേഖലയ്ക്ക് ആകർഷകമായ പലരീതിയിലുള്ള കർഷക രക്ഷാ പരിപാടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന മാനസിക അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേകിച്ചും വ്യാപകമായ രീതിയിലുള്ള പ്രചരണ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തൊടുപുഴയിൽ നടത്തിക്കൊണ്ടിരിക്കുന്ന വളരെ ആകർഷകമായ ഒരു പരിപാടിയുണ്ട്, കാർഷിക മേള. ആഴ്ച നീണ്ടുനിൽക്കുന്ന, ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന, ഒരു മേളയാണ്. ആ മേളയുടെ ഭാഗമായി ജനങ്ങളെ ആകർഷിക്കാൻ വിവിധ രീതിയിൽ സാധിക്കുന്നുണ്ട്. അതുപോലെ ചില സഹകരണ സംഘങ്ങൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, ചില മേഖലയിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കൃഷി വകുപ്പുതന്നെ, ചെറുപ്പക്കാരെ ഈ കാർഷിക സംസ്ക്കാരത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി കാർഷികമേളകൾ സംഘടിപ്പിക്കുന്നതിനു ബോധപൂർവ്വമായ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ ഇപ്പോൾത്തന്നെ സംസ്ഥാന തലത്തിൽ കൃഷി വകുപ്പിന്റെ കാർഷിക മേളയും കാർഷിക ഉത്സവവുമുണ്ട്. അങ്ങ് തൃശ്ശൂരിൽ പങ്കെടുത്ത് കൃഷി വകുപ്പിന്റെ ഉത്സവം കണ്ടതാണ്. അതുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തുമായും സഹകരിച്ച് എല്ലാ ജില്ലകളിലും അതേ മത്യകയിലുള്ള കാർഷിക മേളകൾ സംഘടിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*64) ഏകീകൃത വിൽപ്പന നികുതി നിയമം

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത വിൽപ്പന നികുതി നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;